പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3054 **29-10-2026-ൽ മറുപടിയ്ക്ക്**

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. ടി. എം. ശശി

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ 14 ജില്ലകളിലെയും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരായ അക്കാദമിക ഫാക്കൽറ്റികൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും കഴിഞ്ഞ മൂന്ന് മാസമായി ശമ്പളം ലഭിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: സംസ്ഥാനത്തെ 14 ജില്ലകളിലെയും ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) സേവനമനുഷ്ഠിക്കുന്ന സ്ഥിരം ജീവനക്കാരായ അക്കാദമിക ഫാക്കൽറ്റികൾക്കും മിനിസ്റ്റീരിയൽ ജീവനക്കാർക്കും ജൂലൈ മാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. നിലവിൽ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ശമ്പളം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സമീപകാലത്തായി ഇവരുടെ ശമ്പളം ഇടയ്ക്കിടെ മുടങ്ങുന്ന സ്ഥിതിയുണ്ടാകുന്നത് കേന്ദ്ര-സംസ്ഥാന ഫണ്ട് വിഹിതം അനുവദിക്കുന്നതിലെ കാലതാമസം മൂലമാണോ എന്ന് വ്യക്തമാക്കുമോ;

മറുപടി: ഡയറ്റുകൾ കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. 60:40 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഫണ്ട് ഉപയോഗിച്ചാണ് ഡയറ്റുകളുടെ പ്രവർത്തനങ്ങളും ജീവനക്കാരുടെ ശമ്പളവും മറ്റ് ചെലവുകളും നടന്നുവരുന്നത്. കേന്ദ്ര വിഹിതം നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കാത്തതിനാൽ ഡയറ്റുകളിലെ ജീവനക്കാരുടെ ശമ്പളം പൂർണമായും സംസ്ഥാന സർക്കാർ ആണ് നൽകി വരുന്നത്.

(സി) നിലവിലുള്ള മൂന്ന് മാസത്തെ ശമ്പള കുടിശ്ശിക ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

മറുപടി: നിലവിൽ ശമ്പള കുടിശ്ശിക ജീവനക്കാർക്ക് അടിയന്തരമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പൊതുവിദ്യാഭ്യാസ രംഗത്ത് നിർണ്ണായക പങ്കുവഹിക്കുന്ന ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് ഇനി മുതൽ തടസ്സമില്ലാതെയും കൃത്യസമയത്തും ശമ്പളം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയെന്ന് വിശദമാക്കാമോ?

മറുപടി: ഡയറ്റുകളിലെ സ്ഥിരം ജീവനക്കാർക്ക് ഇനി മുതൽ തടസ്സമില്ലാതെയും കൃത്യസമയത്തും ശമ്പളം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ